# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

**(നിലവിൽ: എം.ജി. രാജമാണിക്യം ഐ.എ.എസ്)**

വിഷയം : പട്ടികജാതി വികസനം – മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം – സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു

പരാമർശം: 1. സ.ഉ (സാധാ) നം.111/2022/ഉഭപവ തിയതി.28.03.2022

2. 31.03.2022 ലെ സി.എം.സി.സി 4/10/2022-സി എം സി സി നമ്പർ സർക്കുലർ

ഉത്തരവ് നമ്പർ:SCDD/414/2022-A2 (ESTT A) തീയതി:13/04/2022

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സി എം ഒ പോർട്ടൽ ലോഗിൻ അനുവദിച്ചിട്ടുള്ള എല്ലാ ഓഫീസുകളിലും ചാർജ്ജ് ഓഫീസർമാരെ 2022 ഏപ്രിൽ 30 ന് മുൻപ് നിയമിക്കണമെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.ആയതിനാൽ പട്ടികജാതി വികസന വകുപ്പ് ആസ്ഥാന കാര്യലയത്തിലും സി എം ഒ പോർട്ടൽ ചാർജ്ജ് ഓഫീസറെ നിയമിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ പട്ടികജാതി വികസന വകുപ്പ് ആസ്ഥാന കാര്യലയത്തിലെ സി എം ഒ പോർട്ടൽ ചാർജ്ജ് ഓഫീസറായി പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടറെ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സി എം ഒ പോർട്ടൽ ചാർജ്ജ് ഓഫീസർ പരാമർശം (1) ഉത്തരവിലെ നിബന്ധനകളും പരാമർശം (2) പരിപത്രത്തിലെ നിബന്ധനകളും കൃത്യമായി പാലിച്ചുകൊണ്ട് പുരോഗതി വിവരം എല്ലാ മാസവും വകുപ്പ് മേധാവിയെ അറിയിക്കേണ്ടതാണ്.

ഡയറക്ടർ

» ശ്രീ.സജീവ് വി, അഡീഷണൽ ഡയറക്ടർ & സി എം ഒ പോർട്ടൽ ചാർജ്ജ് ഓഫീസർ.

പകർപ്പ് :-

1. ഡയറക്ടർ, അഡീഷണൽ ഡയറക്ടർ – സി എ മുഖാന്തിരം
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ – സി എ മുഖാന്തിരം
3. ചീഫ് പ്ലാനിംഗ് ഓഫീസർ – സി എ മുഖാന്തിരം
4. ചീഫ് ഫിനാൻസ് ഓഫീസർ
5. ജോയിന്റ് ഡയറക്ടർ – വിജിലൻസ്, വിദ്യാഭ്യാസം, വികസനം
6. ട്രെയിനിംഗ് ഓഫീസർ
7. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
8. ഐ റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. കരുതൽ ഫയൽ/ അധികം.